# 9. ബർമ്മ

ഇന്ത്യയിലെ ജനങ്ങളുടെ ശ്രദ്ധ ഏററവും കുറച്ചുമാത്രം ആകർഷിക്കുന്ന അയൽരാജ്യമാണ്‌ ബർമ്മ. പതിനാറാം നൂററാണ്ടിൽ ബർമ്മയുടെ തീര പ്രദേശങ്ങൾ കൈയടക്കി, ബംഗാൾ ഉൾക്കടലിൽ വ്യാപകമായ തോതിൽ കടൽക്കൊള്ളകൾ നടത്തിവന്ന പോർത്തുഗീസുകാരെ, 1666–ാമാണ്ടിൽ ദില്ലിയിലെ മുഗൾഭരണകൂടം തോല്പിച്ചു തുരത്തിയ വസ്തുത നാം മറന്നിരിക്കുന്നു. നൂറുവർഷം മുമ്പ്‌, 1886–ൽ ബ്രിട്ടീഷുകാർ ബർമ്മയെ മുഴുവൻ അവരുടെ ഇന്ത്യൻ സാമ്രാജ്യത്തിലെ ഒരു സംസ്ഥാനം (പ്രോവിൻസ്‌) ആയി പ്രഖ്യാപിക്കുകയുണ്ടായി എന്ന സംഗതി ഓർക്കുന്നവരും കുറവായിരിക്കും. രാജ്യദ്രോഹക്കുററത്തിനു് നാടുകടത്തപ്പെട്ട ലോകമാന്യ ബാലഗംഗാധര തിലകനെ പാർപ്പിച്ചിരുന്നതു് ബർമ്മയിൽ മാൻഡലേ എന്ന നഗരത്തിലുള്ള ജയിലിലായിരുന്നു. 1937–ൽമാത്രമാണ്‌ ബർമ്മയെ ഇന്ത്യയിൽനിന്നു് രാഷ്ട്രീയമായി വേർപെടുത്തിയതും, ആ രാജ്യത്തിന്റെ ഭരണം നേരിട്ട്‌ ബ്രിട്ടീഷ്‌ പാർലമെൻറിന്റെ ചുമതലയിൽ ആക്കിയതും.

രണ്ടാം ലോകമഹായുദ്ധകാലത്തു് ബർമ്മ മുഴുവൻ ജപ്പാൻ പിടിച്ചടക്കി. യുദ്ധാവസാനത്തിൽ ബ്രിട്ടീഷ്‌–ഇന്ത്യൻപട്ടാളവും ജപ്പാൻ പട്ടാളവും തമ്മിൽ ബർമ്മയിൽവെച്ചു കടുത്ത പല പോരാട്ടങ്ങളും നടന്നു. നേതാജി സുഭാഷ്‌ ചന്ദ്രബോസിന്റെ നേതൃത്വത്തിൽ രൂപവല്ക്കരിക്കപ്പെട്ട ഇന്ത്യൻ ദേശീയസേന (ഐ. എൻ. എ.) ബർമ്മയിലൂടെ വടക്കുകിഴക്കേ അതിർത്തി ഭേദിച്ചു്, ഇന്ത്യയിലേക്കു പ്രവേശിക്കുകയുമുണ്ടായി.

1948–ൽ ബർമ്മ സ്വാതന്ത്ര്യം നേടി. ആദ്യം ജപ്പാനോടു ചേർന്നു് ബ്രിട്ടനെതിരായും, പിന്നീടു് ജപ്പാനെതിരായും, പൊരുതിയ ഒളിപ്പോരാളികളുടെ തലവനും ബർമ്മയുടെ ദേശീയനേതാവുമായ ഓങ്‌സാനും സഖാക്കളും ഒരു മന്ത്രിസഭായോഗത്തിൽവെച്ചു് ദാരുണമാംവിധം വധിക്കപ്പെട്ടതു് സ്വതന്ത്രബർമ്മയുടെ ആദ്യവർഷങ്ങളെ ഇരുളിലാഴ്‌ത്തുകയുണ്ടായി. നീണ്ടുനിന്ന രാഷ്ട്രീയാസ്വാസ്ഥ്യങ്ങളെയും ആഭ്യന്തരസമരങ്ങളെയും തുടർന്നു് 1962–ൽ ബർമ്മയുടെ ഭരണം ജനറൽ നേവിംൻറ നേതൃത്വത്തിലുള്ള പട്ടാളം ഏറെറടുത്തു. 1974–ൽ പുതിയ ഭരണഘടന അംഗീകരിക്കപ്പെട്ടതോടെ, പട്ടാളഭരണം അവസാനിച്ചു. എങ്കിലും, ജനറൽ നേവിൻ അധ്യക്ഷനായുള്ള ബർമ്മാ സോഷ്യലിസ്റ്റ്‌ പ്രോഗ്രാം പാർട്ടി എന്ന ഒരൊററ കക്ഷിക്കേ അവിടെ പ്രവർത്തനസ്വാതന്ത്ര്യമുള്ളു. പട്ടാളമാണു് ഈ പാർട്ടിയിൽ ആധിപത്യം പുലർത്തുന്നതു്. ഇപ്പോൾ എഴുപത്തിനാലു വയസ്സുള്ള ജനറൽ നേവിൻ 1981–ൽ ബർമ്മാ സോഷ്യലിസ്റ്റ്‌ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ട്‌സ്ഥാനത്തുനിന്നു് ഒഴിഞ്ഞു. ഉ സാൻയു ആണു് ഇപ്പോഴത്തെ പ്രസിഡണ്ട്‌. പക്ഷേ, അധികാരം ജനറൽ നേവിന്റെ കൈയിലാണു്. കാരണം, യഥാർത്ഥത്തിൽ ബർമ്മാ സോഷ്യലിസ്റ്റ്‌ പ്രോഗ്രാം പാർട്ടിയാണു് ബർമ്മ ഭരിക്കുന്നതു്.

പട്ടാളഭരണകാലത്തു് ബർമ്മ ബാഹ്യലോകത്തിൽനിന്നു് തികച്ചും ഒററപ്പെട്ടു. 1960–ൽ ചൈനയുമായുള്ള അതിർത്തിത്തർക്കം പരിഹരിക്കുവാൻ ബർമ്മയ്ക്കു കഴിഞ്ഞു. 1972 മുതൽ ആസൂത്രിത സാമ്പത്തികവികസനം ബർമ്മയിൽ ആരംഭിച്ചു. റഷ്യയിലും ഇന്ത്യയിലുമുള്ളതുപോലെ പഞ്ചവത്സരപദ്ധതികളല്ല, ചതുർവർഷപദ്ധതികളാണു് ബർമ്മയിൽ.

നാലാം ചതുർവർഷപദ്ധതി 1985–86–ൽ നടപ്പിൽവരുത്തിക്കൊണ്ടിരിക്കുകയാണ്.

സായുധങ്ങളായ ആഭ്യന്തരകലാപങ്ങളാണ് സ്വതന്ത്രബർമ്മയുടെ ഏറ്റവും വലിയ പ്രശ്നം. ബംഗ്ലാദേശ്, ഇന്ത്യ, ചൈന, ലാവോസ്, തായ്‌ലാണ്ട് എന്നീ രാജ്യങ്ങളെ മുട്ടിയുരുമ്മിയാണ് ബർമ്മയുടെ അതിർത്തി കിടക്കുന്നത്. വ്യത്യസ്ത ഗോത്രവർഗജനവിഭാഗങ്ങൾക്ക ഭൂരിപക്ഷമുള്ള ഏഴ് സ്റ്റേറ്റുകളും ഏഴ് ഭരണവിഭാഗങ്ങളും—അങ്ങനെ പതിന്നാലു ഘടകങ്ങളായി ബർമ്മ വിഭജിക്കപ്പെട്ടിരിക്കുന്നു. റംഗൂൺ കേന്ദ്രമാക്കി ഭരണം നടത്തുന്ന ഭൂരിപക്ഷമായ തിബത്തോ–ബർമ്മൻ വർഗ്ഗക്കാരുമായി ഒത്തിണങ്ങിപ്പോകാൻ ഈ ഗോത്രവർഗ്ഗക്കാരിൽ പലർക്കും ഒരിക്കലും സാധിച്ചിട്ടില്ല.

ചൈന–ബർമ്മ അതിർത്തിയോടു തൊട്ടു സ്ഥിതിചെയ്യുന്ന ഷാൻ സ്റ്റേറ്റ് ആസ്ഥാനമാക്കി ഗറില്ലായുദ്ധം നടത്തിക്കൊണ്ടിരിക്കുന്ന ബർമ്മീസ് കമ്യൂണിസ്റ്റ്പാർട്ടിയുമായി ബർമ്മാ ഗവണ്മെൻറിന് ഇടവിടാതെ പൊരുതേണ്ടിവന്നിട്ടുണ്ട്. കമ്യൂണിസ്റ്റ്ചൈനയുടെ സഹായവും ഉത്തേജനവും ബർമ്മീസ് കമ്യൂണിസ്റ്റ് പാർട്ടിക്ക് എന്നും ലഭ്യമായിരുന്നു. ഈയിടെയായി പ്രത്യേകിച്ചും ചൈനാ പ്രധാനമന്ത്രി സാവോ സിയാങ് 1981–ൽ ബർമ്മ സന്ദർശിച്ചതുമുതൽ, ഈ സഹായം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. എന്നിട്ടും, 1983–84–ൽ കമ്യൂണിസ്റ്റ് ഒളിപ്പോരാളികൾക്കെതിരെ ഗവണ്മെൻറ്സൈന്യം പലേടത്തും പോരാടേണ്ടിവന്നു.

തായ്‌ലാണ്ട്—ബർമ്മ അതിർത്തിയിൽ കേന്ദ്രീകരിച്ച കാരേൻ ഗോത്രവർഗ്ഗക്കാരിൽനിന്നാണ് ബർമ്മാഗവണ്മെൻറിന് ഏറ്റവും വലിയ ഭീഷണി ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ബർമ്മയിൽ ആകെ മൂന്നുകോടി എൺപതുലക്ഷത്തോളം ജനങ്ങളുള്ളവരിൽ ഏഴു ശതമാനം കാരേൻകാരാകുന്നു. ബർമ്മക്കാരിൽ ഭൂരിഭാഗവും തീക്ഷ്ണമായ മതവിശ്വാസമുള്ള ബൗദ്ധർ ആണ്. 1961 വരെ സ്വതന്ത്രബർമ്മയുടെ ദേശീയ മതം (സ്റ്റേറ്റ് റിലിജൻ) ഹീനയാന ബുദ്ധധർമ്മമായിരുന്നു. ആ വർഷത്തിൽ പാസ്സാക്കിയ ഒരു നിയമം മുഖേന 'തൻെറ മതം ഏതായാലും, അതു് സ്വതന്ത്രമായി അനുഷ്ഠിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം' എല്ലാ പൗരന്മാർക്കും കൈവന്നു. കാരേൻകാർ കത്തോലിക്ക ക്രിസ്ത്യാനികളാണ്; കടുത്ത കമ്യൂണിസ്റ്റ്വിരുദ്ധരുമാണ്. ബർമ്മാ- തായ്‌ലാണ്ട് അതിർത്തിയിൽ കേന്ദ്രീകരിച്ച 'കാരേൻ ദേശീയവിമോചന സേന'യിൽ ഏഴായിരത്തഞ്ഞൂറോളം പരിശീലനം നേടിയ പട്ടാളക്കാർ ഉണ്ടെന്നു കരുതപ്പെടുന്നു. ആയുധങ്ങളും വിഭവങ്ങളും ഇവർ തായ്‌ലാണ്ടിലൂടെ യഥേഷ്ടം കടത്തിക്കൊണ്ടുവരുന്നു. ഈയാണ്ടിൽ കാരേൻ ദേശീയ വിമോചനസേനയും ബർമ്മാഗവണ്മെൻറിൻെറ പട്ടാളങ്ങളും തമ്മിൽ നടന്ന പോരാട്ടങ്ങളെത്തുടർന്ന് ഇരുപതിനായിരത്തോളം കാരേൻകാർ തായ്‌ലാണ്ടിൽ അഭയാർത്ഥികളായി എത്തിയിട്ടുണ്ടത്രേ.

കാരേൻകാർക്ക് പല പാശ്ചാത്യരാഷ്ട്രങ്ങളും രഹസ്യമായി സഹായം നൽകുന്നുണ്ട്. ഇതിനു് പുറമേ, പ്രതിഫലംപറ്റി മറുനാടുകളിൽ ചെന്നു പോരാടുന്ന (മെർസിനറി) പല വിദേശീയയോദ്ധാക്കളും കാരേൻ ദേശീയ വിമോചനസേനയിലുണ്ട്. ഇവരിൽ നാലു് അമേരിക്കക്കാരെയും മൂന്നു് ആസ്ട്രേലിയക്കാരേയും രണ്ടു ഫ്രഞ്ചുകാരേയും ഈയിടെ തിരിച്ചറിയുകയുണ്ടായി. അടുത്തകാലത്തു നടന്ന പോരാട്ടങ്ങളിൽ കാരേൻ വിമോചനസേനയിലെ ഒരു ഫ്രഞ്ചുകാരൻ മരിക്കുകയും ഒരു ആസ്ട്രേലിയന് മുറിവേല്ക്കുകയുംചെയ്തു. താൻ വിമോചനസേനയിലെ ഒരു 'കമാൻഡർ' ആണെന്നു് ഈ ആസ്ട്രേലിയക്കാരൻ അവകാശപ്പെട്ടു

വത്രേ. പാശ്ചാത്യശക്തികൾ ബർമ്മയിലെ ആഭ്യന്തരസമരത്തിൽ നേരിട്ട് ഇടപെടുന്നതിന്റെ തെളിവാകാം കാരേൻ വിമോചനസേനയിൽ പാശ്ചാത്യ—ചോററുപട്ടാളക്കാരുടെ സാന്നിദ്ധ്യം. പൂച്ചയുടെ വാലുപോലെ ബർമ്മയിൽനിന്ന് ആൻഡമാൻ കടൽത്തീരത്തിലൂടെ തെക്കോട്ടു നീണ്ടുകിടക്കുന്ന ടെന്നാസെറിം അർദ്ധദ്വീപപ്രദേശത്തിന് സ്വയംഭരണം നേടുന്നതിനുള്ള ഒരു ഗറില്ലാസമരമായി കാരേൻകലാപത്തെ പാശ്ചാത്യപത്രങ്ങൾ ചിത്രീകരിക്കുന്നുണ്ട്. നാഗാലാൻഡിലോ, മണിപ്പൂരിലോ ഉള്ള ഗോത്രവർഗ്ഗക്കാരോടു ചേർന്ന് ഇന്ത്യയ്ക്കെതിരായി പാശ്ചാത്യരാജ്യങ്ങളുടെ പടയാളികൾ പൊരുതുകയാണെങ്കിൽ നമുക്ക് അനുഭവപ്പെടാവുന്ന അതേ അസ്വാസ്ഥ്യമാണ് കാരേൻസേനയിൽ പാശ്ചാത്യപ്പടയാളികളുടെ സാന്നിദ്ധ്യം ബർമ്മക്കാരിൽ ഉളവാക്കിയിട്ടുള്ളത്. ദക്ഷിണ പൂർവ്വേഷ്യയിലെ രാഷ്ട്രീയാസ്വാസ്ഥതകളെ തീവ്രതരമാക്കാൻ ഈ വിദേശീയകയ്യിടൽ നിമിത്തമായേക്കാം.

കാരേൻകാരുടെ അയല്ക്കാരായ 'കാരെന്നി'കൾ തങ്ങളുടേതായ ഒരു സ്വതന്ത്ര രാഷ്ട്രം—കായാ—പ്രഖ്യാപിച്ചിട്ടുണ്ട്. ഇരുപതുലക്ഷത്തോളം ജനസംഖ്യയുള്ള ഷാൻ വർഗക്കാരും ഒരു പ്രധാന ന്യൂനപക്ഷമത്രേ. ഷാൻ സ്റ്റേററിലെ സൈന്യം വളരെക്കാലത്തോളം ബർമ്മ കമ്യൂണിസ്റ്റ് പാർട്ടിയുമായി ചേർന്ന് റംഗൂണിലെ കേന്ദ്രഗവണ്മെൻറിനോട് പൊരുതുകയുണ്ടായി. കമ്യൂണിസ്റ്റ് വിപ്ലവകാലത്ത് ചൈനയിൽനിന്നു തോറേറാടിപ്പോന്ന ചില കോമിന്താങ് പട്ടാളവിഭാഗങ്ങൾ ഷാൻ സ്റ്റേററിൽ പാർപ്പുറപ്പിച്ചിട്ടുണ്ട്. 'സുവർണ്ണ ത്രികോണം' എന്നറിയപ്പെടുന്ന ദക്ഷിണ പൂർവ്വേഷ്യയിലെ, പ്രത്യേകിച്ച് ബർമ്മയിലെ, ഷാൻ—കാച്ചിൻ സ്റ്റേററുകളിലെ കറുപ്പ് (ഓപ്പിയം) തോട്ടങ്ങളിൽ ഉല്പാദിപ്പിക്കുന്ന കറുപ്പ് സംഭരിച്ച്, സംസ്കരിച്ച് മോർഫിൻ, ഹെറോയ്ൻ മുതലായ മയക്കുമരുന്നുകളാക്കി, അമേരിക്കയിലേക്കും മററു രാജ്യങ്ങളിലേക്കും കളവായി കടത്തുന്ന വിപുലമായ വ്യാപാരത്തിൽ നേതൃസ്ഥാനം വഹിക്കുന്നത് ഈ പട്ടാളവിഭാഗങ്ങളാണത്രേ. ഇവരിൽ ഏററവും കുപ്രസിദ്ധൻ ഖുൻസാ എന്ന ചൈനാക്കാരനാണ്. കുററലോകത്തിലെ ഒരു രാക്ഷസൻ ആയി ഖുൻസാ ചിത്രീകരിക്കപ്പെടുന്നു.

ചുരുക്കത്തിൽ, പരസ്പരം ബന്ധമില്ലാത്ത പത്തോളം സായുധ കലാപങ്ങളെ ഒരേസമയം ബർമീസ് സർക്കാർ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവണ്മെൻറിന്റെ ഭരണം നിലവിലുള്ളത് തലസ്ഥാന നഗരത്തിനു ചുററും—ഇരാവതി നദീതടങ്ങളിലുമായി—ബർമ്മയുടെ ഏതാണ്ടു പകുതി പ്രദേശത്തുമാത്രമാകുന്നു.

കൃഷിയാണ് ബർമ്മക്കാരുടെ മുഖ്യ ജീവനോപാധി. ഒരുകാലത്ത് ലോകത്തിലെ ഏററവും വലിയ അരികയററുമതിരാജ്യമെന്ന പദവി ബർമ്മയ്ക്കായിരുന്നു. വ്യവസായങ്ങളെല്ലാം സ്വതന്ത്രബർമ്മയിൽ ദേശസാല്ക്കരിക്കപ്പെട്ടിരിക്കുന്നു. ആസൂത്രണമുണ്ടെങ്കിലും, സാമ്പത്തികപുരോഗതി മന്ദമാണ്. ഏതു സാധനവും ബർമ്മയിലെ കരിഞ്ചന്തയിൽ സുഭിക്ഷമായി കിട്ടും. കള്ളപ്പണവ്യവസ്ഥിതി ബർമ്മയിൽ തഴച്ചുവളരുന്നതിൽ അത്ഭുതമില്ല.

ഇന്ത്യയ്ക്കും ബർമ്മയ്ക്കുമിടയിൽ യാതൊരു തർക്കങ്ങളുമില്ല. എങ്കിലും, ബർമ്മയിലെ സംഭവഗതികൾ നമ്മേയും ബാധിക്കുമെന്നു തീർച്ചയാണ്. ഈ അയൽരാജ്യത്തിന്റെ കാര്യങ്ങളിൽ ഉദ്ബുദ്ധമായ താത്പര്യം നമുക്ക് എന്നും ഉണ്ടായിരിക്കണം.

3 ഡിസംബർ, 1985